01 January 2025
١ رجب ١٤٤٦

RSK

INSIGHT
Family Magazine

Issue #3 01/01/2025 rskinsight@gmail.com

ഏവർക്കും
റിയാദ് സയ്യിദ് കൂട്ടായ്മയുടെ

പുതുവത്സരാശംസകൾ

RSK പ്രീമിയർ ലീഗ് സീസൺ 3

ടീം ലവന്റെ ചാമ്പ്യൻമാർ





കഴിഞ്ഞ രണ്ടു കളികളിൽ ടൈറ്റൻസിനേറ്റ തിരിച്ചടി ടീമിന്റെ പൊതുവായ പ്രകടനത്തെ ബാധിച്ചു എന്ന് വ്യക്തമായിരുന്നു. പതിവു ആക്രമണ ശൈലിയിൽ നിന്നും മാറി പ്രധിരോധത്തിലായിരുന്നു ആദ്യ പകുതിയിൽ ടൈറ്റൻസ് ശ്രദ്ധ കേന്ദ്രീകരിച്ചത്.


അടുത്ത സീസണിൽ മറ്റു ടീമുകൾക്ക് ലാവെൻറെയുടെ ആധിപത്യം മറികടക്കാനാകുമോ എന്ന കാത്തിരിപ്പിലാണ് ആരാധകർ.

ടീം ടൈറ്റൻസിന്റെ ആദ്യ രണ്ടാഴ്ച യിലുണ്ടായിരുന്ന ആധിപത്യം മറികടന്നു ടീം ലാവെൻറെ ജേതാക്കളായി. റിയാദിലെ അസ്സീസിയയിൽ നടന്ന ഫൈനലിൽ സ്റ്റാർ സ്ട്രൈക്കർ അംജദ് നേടിയ ഏകപക്ഷീയമായ ഒരു ഗോളിനാണ് ലാവന്റെ ടൈറ്റൻസിനെ തോൽപ്പിച്ച് ചാമ്പ്യന്മാരായത്.

കളിയിലുടനീളം പ്ലെ മേക്കർമാരായ ശാക്കിറും സലീമും അനവധി അവസരങ്ങൾ സൃഷ്ടിച്ചെങ്കിലും റാഷിദിനും ഷഫീക്കിനും അജ്മലിനും ലക്ഷ്യം കാണാനായില്ല. മത്സരത്തിനിടെ ലഭിച്ച ടൂർണമെന്റിലെ ഏക പെനാൽറ്റി കിക്ക് ഡിഫൻഡർ സലാമിന് മുതലാക്കാനും കഴിഞ്ഞില്ല. അതേസമയം കളിയുടനീളം ഒത്തിണക്കത്തോടെ കളിച്ച ലാവെൻറെ, ഒന്നാം പകുതിയിൽ ലഭിച്ച കോർണർ കിക്കിൽ നിന്നും ഉയർന്നു വന്ന പന്ത് ഹെഡറിലൂടെ നിഷ്പ്രയാസം വലയിലാക്കി അംജദ് ടീമിന്റെ വിജയവും ടോപ് സ്കോറർ പദവിയും ഉറപ്പിച്ചു.

ഗോളി കീപ്പർ റിയാസലിയുടെ തകർപ്പൻ പ്രകടനവും ലാവെൻറെയുടെ വിജയത്തിൽ മുഖ്യ പങ്കു വഹിച്ചു.

പ്രധിരോധ കാവൽ ഭടന്മാരായ ഹനീഫയും ആഷിക്കും പല നിർണായക ഘട്ടങ്ങളിലും രക്ഷകരായി അവതരിച്ചു. മാനേജർ ശിഹാബ് തങ്ങളുടെ അപ്രതീക്ഷിത ആദ്യ 10 മിനിറ്റ് സാന്നിധ്യം ടൈറ്റൻസിന്റെ കണക്കു കൂട്ടലുകൾ തെറ്റിച്ചു എന്ന് വേണം കരുതാൻ.



പ്രവാസം

ഉംറ അബ്ദുറഹിമാൻ ജിഫ്രി

വല്ലാത്തൊരു അനുഭവമാണ്.. പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. എങ്ങനെ സഹിക്കാനാവുന്നു വെന്ന് കല്യാണം കഴിഞ്ഞ് വളരെ ചുരുങ്ങിയ നാളുകൾ മാത്രം ഒന്നിച്ചുനിന്ന് (2ആഴ്ച.. ഒരു മാസം ചിലപ്പോ 4 മാസം) അങ്ങനെ ഒരു പരിധിക്കുള്ളിൽ പ്രവാസികളുടെ അവധി.. പിന്നേ നീണ്ട കാത്തിരിപ്പാണ് ആ ചുരുങ്ങിയ അവധിക്കുവേണ്ടി. ഒരു വർഷം.. രണ്ട് വർഷം ഒക്കെ ക്ഷമിച്ചും സഹിച്ചും തേങ്ങലടക്കിയും പുറമെ ചിരിച്ച് ഉള്ളിൽ കരഞ്ഞു നാളുകളെണ്ണി ക്കഴിയുന്ന ഭാര്യമാർ... പ്രിയതമയെയും, കുടുംബവും നോക്കാൻ സ്വന്തം ജീവിതം അറബി നാട്ടിൽ തൃജിച്ച പാവം പ്രവാസികൾ . കാലങ്ങൾ ഓടിയകലുമ്പോൾ ഒന്നിച്ചു ജീവിച്ച നാളുകൾ എണ്ണി നോക്കിയാൽ എത്രയാണുള്ളത് . ജന്മനാട്ടിൽ സ്ഥിരമായി നിൽക്കാൻ ഓരോ പ്രവാസിയും മോഹിക്കുന്നു. ഒന്നിന് പിറകെ ഒന്നായി അവരിൽ ബാധ്യതകൾ ഓർമപ്പെടുത്തി കുടുംബവും നാടും അവരെ അന്യനാട്ടിൽ ബന്ധനാസ്ഥരാക്കുന്നു. ഓരോന്നും കഴിഞ്ഞ് അശ്വസിക്കാമെന്ന് അവർ വ്യാമോഹിക്കുന്നു . പറഞ്ഞുതീരാത്ത കഥകളും, സന്തോഷങ്ങളും.. സ്വകാര്യങ്ങളും ബാക്കിയാക്കി വേഗം വരാമെന്ന പാലിക്കാൻ കഴിയില്ലെന്നറിയാവുന്ന വാക്കും പറഞ്ഞു അവർ വീണ്ടും യാത്ര പറയും.


മക്കൾക്ക് ബാപ്പയുടെ വരവ് ആഘോഷമാണ്.. പിതാവിന്റെ അസാന്നിധ്യത്തിൽ മക്കളെ നല്ലപോലെ വളർത്തലും എല്ലാം മാതാവിന്റെ ഉത്തരവാദിത്തം ആവുന്നു. വേണ്ട ശിക്ഷണങ്ങളും ശാസനകളും സ്നേഹവും എല്ലാം നൽകി മക്കളെ സംരക്ഷിച്ചു വളർത്തണം ഒരു വേളയെങ്കിലും മക്കൾ പറയും"ഉമ്മാക്ക് സ്നേഹമില്ല ലെ അതാ ശിക്ഷിക്കുന്നതെന്ന്.. സ്നേഹത്തോടെ ചേർത്തുപിടിക്കുമ്പോ മക്കൾ കണ്ണ് നിറച്ചു പറയും... വെറുതെ പറഞ്ഞതാ ട്ടോ എന്ന്.. കവിളിൽ ഒരുമ്മയും തരും .. കുറഞ്ഞ ലീവിന് വരുന്ന ഉപ്പമാർ അവർക്ക് ഹീറോ ആണ്.. ആ സമയം അവർ സ്വർഗം പോലെ ആഘോഷിക്കും... അവധി കഴിഞ്ഞു പോകുമ്പോ സങ്കടപ്പെടുന്ന മക്കളെ ഉള്ളെരിയുന്ന വേദനയോടെ പറഞ്ഞു മനസിലാക്കും.. വേഗം വരുമെന്ന്.. നെഞ്ച് പൊട്ടുന്ന വേദന കടിച്ചമർത്തി അവരെ തിരിച്ചയച്ച് തോരാത്ത കണ്ണീരുമായി വീണ്ടും പ്രവാസിയുടെ ഭാര്യ കാത്തിരിക്കും അടുത്ത അവധിക്കായി. അവരുടെ ഓർമകളുമായി ജീവിച്ചു തീർക്കും.. എന്നെങ്കിലും ഒരുമിച്ചു ജീവിക്കാൻ അവസരം തരും നാഥൻ എന്ന വിശ്വാസത്തിൽ ആഗ്രഹങ്ങളും മോഹങ്ങളും അടക്കി നാളുകൾ കഴിക്കും പ്രിയതമൻ വേണ്ടി പ്രാർത്ഥനയോടെ. വരുന്ന ദിനങ്ങളും സ്വപ്നം കണ്ടുകൊണ്ട്.... ആ പാവം പെണ്ണ്...

The 5 business principles of Caliph Uthman (R:A)

Sayyid Mohammed Sawad S/O Said Mohammed

Uthman (R:A) followed in his father's footsteps and became a successful merchant. His business skills earned him a lot of wealth, and he was known for being honest and fair. This reputation helped him build strong relationships with other traders in Mecca, allowing him to live comfortably and gain respect. Even before converting into Islam, Uthman was known for his generosity. He often helped the poor and supported communal projects, earning admiration from others in Mecca. This generosity increased after he became a Muslim, as he continued to use his wealth to help the Muslim community. He engaged in the family's trading ventures, which involved trading goods such as wheat, dates, barley and raisins. His success in these ventures was a testament to his strategic thinking and keen understanding of market dynamics. Uthman's (R:A) commercial ventures were not limited to Makkah. He expanded his trade routes to the Levant and Abyssinia, showcasing his ability to navigate and capitalize on diverse markets. This global perspective on trade was rare for his time and demonstrated his innovative approach towards business.

Uthman (R:A) accumulated substantial wealth through his business ventures, which were characterized by diversification and strategic investments. His wealth was estimated at approximately 30 million silver dirhams, 150,000 gold dinars and numerous camels, in addition to significant assets such as houses and lands. This vast fortune was accumulated through a combination of successful trading practices and prudent investments. Despite his immense wealth, He was known for his modest lifestyle. His humility and simplicity were evident in his daily life; he was often seen sleeping on the mosque floor with a simple blanket and using olive oil for himself while providing others with more luxurious food. This modesty was a reflection of his commitment to the Islamic values of humility and charity, even in the face of significant material success.



Published by: RSK INSIGHT Magazine sub committee | *Design/Lay-out & Edited by:* Shihab Thangal | *Proof Reading & Review:* Sayyid Abdul Rahman Jifry | *Technical Support:* Syed JafarThangal